ഉണ്ണികൃഷ്ണനോട്
ഇടശ്ശേരി

# ഉണ്ണികൃഷ്ണനോട്

സ്തുതിച്ചാൽപ്പാട്ടിലാക്കീടാം
കേൾപ്പൂ നിന്നെക്കുറിച്ചു ഞാൻ
എന്തോതിയാൽ നിൻ സ്തുതിയാ,-
മറിവീലാദികന്ദമേ!
എന്റേതെന്റേതുമാത്രം നീ-
യെന്നോർക്കെക്കുളിർക്കൊൾവു മേ-
എടുത്തീല, മുകർന്നീല
കണ്ടുമില്ലെന്നിരിയ്ക്കിലും!
ചൊടിച്ചെൻ ദുർബ്ബലതയിൽ
പിണങ്ങിപ്പോയതാണു നീ;
വാശിക്കുടുക്കേ, ഞാനെന്തു
ചെയ്യണം നിന്നെ നേടുവാൻ?
തിരക്കി വരുമെൻമുന്നിൽ-
ക്കിടപ്പാണായിരം വഴി;
ആയിരം വഴിയും കൂടി-
പ്പിണഞ്ഞോരു മഹാവനം.
പഠിച്ചതു മറന്നാവൂ
കാടനായ് മാറിടാവു ഞാൻ;
എങ്കിലേ നിന്നെ വിരയാൻ
കെല്പേലൂ ഗഹനങ്ങളിൻ.
അവനില്ലീവനാന്തത്തി-
ലഥവാ ദൃശ്യനല്ലവൻ;
പ്രത്യക്ഷത്തെളിവുള്ളപ്പോൾ
ആർചെവിക്കൊള്ളുമിമ്മൊഴി?
സ്വൈരക്കേടുകൾ തൻ മൂല-
ത്തിരിവിൽച്ചെന്നിടുമ്പോഴോ,
അവിശ്രമദിനത്തിന്റെ
വാതിൽ ഞാൻ ചാരിടുമ്പൊഴോ,
കാണാതായതു തേടാതെ
കടയും കരളോടെ ഞാൻ
ഉള്ളതിൻ പിറകേ നഷ്ട-
ഭീതിയോടുഴറുമ്പോഴോ,
തരപ്പെടുന്നു നിന്നോമൻ-
മുഖത്തിൻ ക്ഷണദർശനം
ക്ഷീണസങ്കൽപ്പമാണെങ്കി-
ലെ, ന്നതിൽ തൃപ്തി കൊൾവു ഞാൻ
കളമുറ്റത്തു ചേറുന്ന
പെണ്ണത്രേ ഞാൻ, ദിനംപ്രതി
പതിരുണ്ണും തൽപുകിലിൻ-
സങ്കൽപ്പം കാത്തു വെച്ചിടും.
എന്റെ സങ്കൽപ്പമാം പച്ച-
ക്കല്ലേ, നാളെ മുളപ്പു നീ
ചാഞ്ചാടുമെന്നുമി ലയി-
ച്ചൊരു മണ്ണിന്റെ മാറിതിൽ.
എനിക്കു നിന്നെ കാണേണ്ടാ
നിൻ കഴൽപ്പാടു പോരുമേ,
യുഗങ്ങളെത്താണ്ടിയല്ലോ
ഞാനിബ്ബോധത്തിലെത്തുവാൻ.

കടവേരു കിളയ്ക്കട്ടെ
കഷായത്തിന്നു യോഗികൾ;
നീലക്കരിമ്പേ നിൻതണ്ടാ-
ണരോഗനിവനുത്തമം.
പൂത്തുനില്ക്കുന്നു കായാവിൻ
കുഞ്ജം നിരുപമപ്രഭം
ചേതമാർക്കുണ്ടെടോ നീലാ,
നീയെൻ മുന്നിൽ വരാത്തതിൽ?
കുളിർക്കെ കൂജനം ചെയ്വൂ
കുയിൽ മാകന്ദശാഖയിൽ
നിന്നോടക്കമ്പുമായ്ഗ്ഗോപ,
നിഗൂഢതയിൽ വാഴ്ക നീ.
കുങ്കുമക്കുറിയും മഞ്ഞ-
ളാടയും പൂണ്ടു സന്ധ്യകൾ
എൻമുന്നിലണവൂ കൃഷ്ണ,
പോയാൽ പൊയ്ക്കൊൾക വേണ്ടിടം,
കടാക്ഷിക്കേണ്ട നീ കണ്ണ,
നേടിക്കൊൾവേൻ ഫലോൽക്കരം
കാർവണ്ടുകൾ കളിച്ചോടു-
മുല്പലപ്പുതു പൂക്കളിൽ
പീലിത്തിരുമുടിക്കെട്ടോ-
ടെത്രയ്ക്കാവുമൊളിയ്ക്കുവാൻ
മാരിവില്ലണി മാനത്തെ-
കാർമുകിൽ പൊന്തകൾക്കകം!
നിനക്കാമോ പഠിപ്പിയ്ക്കാൻ
പുൽകളെക്കള്ളമോതുവാൻ?
നിൻകളസ്മിതമല്ലെന്നും
തൽചുണ്ടിൽപ്പൂക്കളെന്നുമേ?
പഴുത്ത പട്ടയും ചുറ്റി-
പ്പച്ചവാഴകളാടവേ
എന്തുകാട്ടിത്തരായ്വാനോ
നീയൊളിക്കുന്നിതച്യുതാ?
പോയാൽ പ്പൊയ്ക്കൊൾക ഗോവിന്ദ,
നിന്നെത്തേടി വരുന്നതാർ?
ഭേദ, മീപ്പേപിടിച്ചോടും
കാറ്റിൻ പിമ്പേനടക്കയാം.
നിനക്കുവേണ്ടാ പാൽവെണ്ണ
ഞാൻ തരുന്നവയെങ്കിലോ
ലക്ഷ്മിയ്ക്കായ്ക്കൊണ്ടു വില്ക്കുന്നേൻ
നിന്നെക്കാൾ ചീത്തയല്ലവൾ!
പൂജാപുഷ്പങ്ങളെത്തട്ടി-
മാറ്റും നീ പണ്ടുമിങ്ങനെ
കുഞ്ഞിക്കയ്യാൽ, വീഴുമവ-
യെങ്ങുനിൻ കാല്ക്കലെന്നിയേ?
നിനക്കാവില്ലൊളിക്കാനി-
പ്രപഞ്ചക്കാട്ടുചോലയിൽ,
തൊട്ടാൽതൊട്ടതു നീലയ്ക്കും
നീലക്കല്ലാക കാരണം.

# ഉണ്ണികൃഷ്ണനോട്
## ഇടശ്ശേരി

ഒരു മാറാലമറയാ-
ണെടോ നിൻമായ മാധവാ,
അതെടുത്തു മുഖത്തിട്ടാൽ
മുഗ്ദ്ധതേ, മറയില്ല നീ
ചിരിച്ചു ചാവും ഞാനിപ്പോൾ
നിൻവിഡംബനസാഹസം!
കുഞ്ഞിക്കയ്യാൽ മൂക്കു പൊത്തീ-
"ട്ടൊളിച്ചാക്കൂ" കളിപ്പു നീ.
മമത്വത്തിൻ പേരിലെന്നെ-
ബ്ഭർസിപ്പൂ വിജ്ഞരായവർ;
നിനക്കാരുണ്ടിളം കുഞ്ഞേ
തായാട്ടിൽ കൂട്ടുനില്ക്കുവാൻ!
എൻകൈ മലിനമേ, വേർപ്പാ-
ലങ്കിതം മമ മാറിടം
പൂഴിച്ചോറാടിടും കുഞ്ഞേ
നിനക്കുചിതനിന്നു ഞാൻ.
ഇളകാക്കുറ്റി ഞാൻ വത്സ,
നീയെൻ മേൽച്ചുറയുന്നവൻ
സർവ്വമോക്ഷപ്രദാതാവേ,
നിന്നെയാർ കെട്ടഴിച്ചിടും.
കിടക്കവിടെ നീ ബദ്ധൻ
മറ്റുള്ളോരെക്കുടുക്കുവാൻ
മിടുക്കൻ, ഓടക്കമ്പേകാം
ദുഃഖഗീതികൾ പാടുവാൻ!
നമുക്കാമോ വേർപിരിയാൻ
ഹരേ, തമ്മിൽ പിണങ്ങിയും
ശഠിച്ചും മുറിവേൽപ്പിച്ചും
മുറുകെ പൂണ്ടുനില്പ്പവർ!

കോലുംകൈയിലെടുത്തു കോമളമുഖം
നോക്കി, പ്പിളർച്ചോരിവാ-
യേലും പൂഴിയിലേഴുരണ്ടുലകുക-
ണ്ടമ്പേ ത്രസിച്ചീടിലും
നീലത്താരിതൾ ചൂചുകങ്ങളെയതേ-
വായിൽ കൊടുത്തീടുവാൻ
കോലും പ്രേമമതെന്റെ ജീവനു ചുര-
ത്താവൂ യശോദാംബികേ!